**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം.6341** **08.11.2016 - ൽ മറുപടി നൽകേണ്ടത്**

**വിദ്യാഭ്യാസ വായ്പ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പ എടുത്ത് തിരിച്ചടവിൽ കുടിശ്ശിക വരുത്തിയ വിദ്യാർത്ഥികളിൽ നിന്നും ബാങ്കുകൾ നടത്തിവരുന്ന റവന്യൂ റിക്കവറി നടപടികൾ നിർത്തലാക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ; | (എ) വിദ്യാഭ്യാസ വായ്പയെടുത്ത് മനഃപൂർവ്വമല്ലാതെ കുടിശ്ശിക വന്ന വിദ്യാർത്ഥികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ / ലോക് അദാലത്ത് മുഖേന ഇളവുകളോടെ വായ്പാ ബാധ്യത തീർക്കുവാൻ ബാങ്കുകൾ അവസരമൊരുക്കുന്നുണ്ട്. ഇതുകൂടാതെ തിരിച്ചടവ് കാലാവധി കൂടുതൽ വേണ്ടി വരുന്ന, തൊഴിലില്ലായ്മ / വരുമാനത്തിന്റെ അപര്യാപ്തത തുടങ്ങിയ അവസരങ്ങളിൽ തിരിച്ചടവ് കാലാവധി നീട്ടി കൊടുക്കുവാൻ പദ്ധതിയുണ്ട് |
| (ബി) 60% ത്തിൽ കുറവ് മാർക്കുള്ള കുട്ടികൾക്ക് ലോൺ നൽകുന്നതിൽ ബാങ്കുകൾ സ്വീകരിച്ചിട്ടുള്ള നിഷേധാത്മക നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശന ലഭിക്കുന്ന ഒരു വിദ്യാർത്ഥിക്കും മാർക്കിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ വായ്പ നിഷേധിക്കാറില്ല. മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമേ മിനിമം മാർക്ക് പരിധി നിശ്ചയിച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ